**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1989** **14-10-2024 - ൽ മറുപടിയ്ക്ക്**

**കാസർകോട് വികസന പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസർകോട് വികസന പാക്കേജ് നിലവിൽ വന്നതെന്നപ്പോഴാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസറഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഒരു സമഗ്ര പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിനായി മുൻ ചീഫ് സെക്രട്ടറി ആയിരുന്ന ഡോ.പി.പ്രഭാകരൻ IAS നെ സർക്കാർ കമ്മീഷൻ ആയി നിയമിക്കുകയും 11,123.07 കോടി രൂപ അടങ്കൽ വരുന്ന ഡോ. പി. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് 'കാസറഗോഡ് വികസന പാക്കേജ് നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിനെ ആസ്പദമാക്കിയാണോ കാസർകോട് വികസന പാക്കേജിന് രൂപം നൽകിയതെന്ന് വ്യക്തമാക്കാമോ; | (ബി) | കാസറഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഒരു സമഗ്ര പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിനായി മുൻ ചീഫ് സെക്രട്ടറി ആയിരുന്ന ഡോ.പി.പ്രഭാകരൻ IAS നെ സർക്കാർ കമ്മീഷൻ ആയി നിയമിക്കുകയും 11,123.07 കോടി രൂപ അടങ്കൽ വരുന്ന ഡോ. പി. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് 'കാസറഗോഡ് വികസന പാക്കേജ് നടപ്പിലാക്കി വരുന്നു. |
| (സി) | പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് മാത്രമാണോ കാസർകോട് വികസന പാക്കേജിൽ പണം അനുവദിക്കാറുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ഡോ.പി.പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പദ്ധതി നിർദ്ദേശങ്ങൾക്കു മുൻഗണന നൽകിക്കൊണ്ടാണു കാസറഗോഡ് വികസനപാക്കേജിൽ പദ്ധതികൾക്കു അനുമതി നൽകുന്നത്. |
| (ഡി) | പ്രസ്തുത റിപ്പോർട്ടിൽ പറയാത്ത പ്രവൃത്തികൾ കാസർകോട് വികസന പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഏതെല്ലാം വർഷത്തിലാണ് ഭരണാനുമതി നൽകിയതെന്നും ഭരണാനുമതി തുക എത്രയാണെന്നും ആരുടെ ശിപാർശ പ്രകാരമാണ് ഇത്തരം പ്രവൃത്തികൾ | (ഡി) | ഡോ.പി.പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ആവശ്യമേഖലകളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ കമ്മീഷൻ റിപ്പോർട്ടിൽ പ്രത്യേകമായി പരാമർശിച്ചിട്ടില്ലാത്ത പദ്ധതികൾക്കും തദ്ദേശ സ്ഥാപനങ്ങളും, ജനപ്രതിനിധികളും, തദ്ദേശ സ്ഥാപനപ്രതിനിധികളും, പൊതുജനങ്ങളും |

| | | | |
|---|---|---|---|
| | കെ.ഡി.പി. യിൽ ഉൾപ്പെടുത്തിയതെന്നും വ്യക്തമാക്കാമോ; | | പ്രാദേശികമായ ആവശ്യം മുൻനിർത്തി നൽകുന്ന അപേക്ഷയിന്മേൽ അവയുടെ ആവശ്യകത ജില്ലാതല കമ്മിറ്റി പരിശോധിച്ച് സംസ്ഥാന ആസൂത്രണ ബോർഡിന്റെ അനുമതിയോടുകൂടി ജില്ലാ തലത്തിലും അല്ലാത്തവ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ (എസ്.എൽ.ഇ.സി) ശുപാർശയോടുകൂടി സർക്കാർ തലത്തിലും ഭരണാനുമതി നൽകിയാണ് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഇ) | കെ.ഡി.പി. യിൽ പ്രവൃത്തികൾ ഉൾപ്പെടുത്താൻ എം.എൽ.എ. മാർ നൽകുന്ന പ്രൊപ്പൊസലുകൾ പരിഗണിക്കാറുണ്ടോയെന്നും ജില്ലാ ഭരണാധികാരിയുടെ പ്രൊപ്പോസൽ പ്രകാരം ഉൾപ്പെടുത്താറുണ്ടോയെന്നും വ്യക്തമാക്കാമോ; | (ഇ) | ഡോ.പി.പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ആവശ്യമേഖലകളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ കമ്മീഷൻ റിപ്പോർട്ടിൽ പ്രത്യേകമായി പരാമർശിച്ചിട്ടില്ലാത്ത പദ്ധതികൾക്കും തദ്ദേശ സ്ഥാപനങ്ങളും, ജനപ്രതിനിധികളും, തദ്ദേശ സ്ഥാപനപ്രതിനിധികളും, പൊതുജനങ്ങളും പ്രാദേശികമായ ആവശ്യം മുൻനിർത്തി നൽകുന്ന അപേക്ഷയിന്മേൽ അവയുടെ ആവശ്യകത ജില്ലാതല കമ്മിറ്റി പരിശോധിച്ച് സംസ്ഥാന ആസൂത്രണ ബോർഡിന്റെ അനുമതിയോടുകൂടി ജില്ലാ തലത്തിലും അല്ലാത്തവ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ (എസ്.എൽ.ഇ.സി) ശുപാർശയോടുകൂടി സർക്കാർ തലത്തിലും ഭരണാനുമതി നൽകിയാണ് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (എഫ്) | ഈ പാക്കേജിന് ബജറ്റിൽ അനുവദിച്ച തുക വെട്ടിച്ചുരുക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും എങ്കിൽ എത്ര തുകയാണ് വെട്ടിച്ചുരുക്കിയതെന്നും വ്യക്തമാക്കാമോ? | (എഫ്) | കാസറഗോഡ് വികസന പാക്കേജിന് 2024-25 സാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ച തുക വെട്ടിച്ചുരുക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ